# ജൈവകീടനാശിനി

പുകയിലക്കഷായം

അഞ്ച് ലിറ്റർ വെള്ളത്തിൽ അരകിലോ പുകയില നന്നായി ചതച്ചിടുക. മറ്റൊരു പാത്രത്തിൽ 150 ഗ്രാം അലക്ക് സോപ്പ് കുറച്ച് വെള്ളത്തിൽ ലയിപ്പിക്കുക. ഈ മിശ്രിതം 24 മണിക്കൂറിനുശേഷം ഒന്നിച്ച് ഒരു പാത്രത്തിലാക്കുക. ഇങ്ങനെയുണ്ടാക്കുന്ന മിശ്രിതം 7 ഇരട്ടി വെള്ളത്തിൽ നേർപ്പിച്ച് കീടനാശിനിയായ് ചെടികളിൽ പ്രയോഗിക്കാം.

വേപ്പലായനി

ഒരു ലിറ്റർ വെള്ളത്തിൽ 1 ഗ്രാം വേപ്പിൻ കുരു നന്നായി അരച്ച് കിഴികെട്ടിയിടുക. 12 മണിക്കൂറിന് ശേഷം ഈ കിഴി പിഴിഞ്ഞെടുത്ത് വെള്ളം നേരിട്ട് കീടബാധയുള്ള ചെടികളിൽ തളിച്ചാൽ ചെടികളെ ബാധിക്കുന്ന ചെറിയ പുഴുക്കളെ നശിപ്പിക്കാൻ സാധിക്കും. കൂടാതെ വേപ്പിന്റെ കുരുവോ ഇലയോ പച്ചത്തൊണ്ടിൽ ഇട്ട് കത്തിച്ച് അതിന്റെ പുകകൊള്ളിച്ചാൽ ചെടികളെ ബാധിക്കുന്ന ചെറിയ കീടങ്ങൾ നശിക്കും

- മണ്ണെണ്ണ മിശ്രിതം

ഈ കീടനാശിനി നിർമ്മിക്കുന്നതിന് അര കിലോ അലക്ക്സോപ്പ് 5 ലിറ്റർ വെള്ളത്തിലിട്ട് തിളപ്പിക്കുക. ഈ ലായനി തണുത്തതിന് ശേഷം അതിലേക്ക് 8 ലിറ്റർ മണ്ണെണ്ണ ചേർത്ത് യോജിപ്പിക്കുക. ഇങ്ങനെ തയ്യാറാക്കുന്ന മിശ്രിതത്തിൽ മൊത്തം അളവിന്റെ 15 ഇരട്ടി വെള്ളം ചേർത്ത് നേർപ്പിച്ച് ചെടികളിൽ തളിച്ചാൽ തണ്ടുകൾ ക്കുള്ളിലെ കീടങ്ങൾ നശിക്കും. ഈ കീടനാശിനി പ്രധാനമായും ഉപയോഗിക്കേണ്ടത് ചെറിയ ചെടികളിലായാണ്.

- തുളസിയില മിശ്രിതം

ഇതിലേക്കയി 100 ഗ്രാം തുളസിയില 1 ലിറ്റർ വെള്ളത്തിൽ 12 മണിക്കൂർ ഇട്ടുവച്ചതിനുശേഷം അതേവെള്ളത്തിൽ കലക്കുക. ഈ ലായനി അരിച്ചെടുത്ത് അതിലേക്ക് അലിയിച്ചു വച്ചിരിക്കുന്ന അലക്കുസോപ്പ് ലായനി 1 മില്ലീ ലിറ്റർ ചേർത്ത് കീടനാശിനിയായി ഉപയോഗിക്കാം. ഈ കീടനാശിനി സസ്യങ്ങളിലെ നീര് ഊറ്റിക്കുടിക്കുന്ന കീടങ്ങളെ നശിപ്പിക്കുന്നതിന് ഉപയോഗിക്കാം.

- കാന്താരിമുളക് ലായനി

ഈ കീടനാശിനി ചെടികളുടെ ഇലകൾ നശിപ്പിക്കുന്ന പുഴുക്കളെ നശിപ്പിക്കതിനായാണ് പ്രധാനമായും ഉപയോഗിക്കുന്നത്. 10 ഗ്രാം കാന്താരിമുളക് 1 ലിറ്റർ ഗോമൂത്രത്തിൽ അരച്ച് ചേർക്കുന്നു. ഈ മിശ്രിതത്തിലേക്ക് 10 ലിറ്റർ വെള്ളം ചേർത്ത് നേർപ്പിച്ച് പുഴുക്കളുടെ മേൽ തളിച്ചാൽ രോഗബാധ നിലയ്ക്കുന്നതാണ്.

- വേപ്പ്  മഞ്ഞ ൾ പ്പൊടി ലായനി

വേപ്പിന്റെ എണ്ണ എടുത്തതിനുശേഷം ലഭിക്കുന്ന പിണ്ണാക്ക്(വേപ്പിൻ പിണ്ണാക്ക്) കുറച്ച് വെള്ളത്തിൽ കുതിർ ക്കുക. നല്ലതുപോലെ കുതിർ ന്നതിനുശേഷം ഇതിലേക്ക് മഞ്ഞ ൾ പ്പൊടി വെള്ളത്തിൽ കലക്കിയത് ചേർ ത്ത് ഇളക്കി യോജിപ്പിക്കുക. ഈ മിശ്രിതം ചിതൽ കൂടുതലായി ഉള്ള സ്ഥലത്ത് ഒഴിച്ചാൽ ചിതലിന്റെ ശല്യം മാറാൻ സഹായിക്കും.

- വേപ്പെണ്ണപായസ്യം

പച്ചത്തുള്ള ൻ, മുഞ്ഞ, മീലിമൂട്ടകൾ, ഇലപ്പേനുക ൾ, കുരുമുളക് ചെടിയ ബാധിക്കുന്ന പ്രധാന കീടമായ പൊള്ളുവണ്ട്, കായ് തുരപ്പ ൻ, തണ്ടുതുരപ്പ ൻ തുടങ്ങിയവയെ നിയന്ത്രിക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ ജൈവകീടനാശിനിയാണ് വേപ്പെണ്ണപയസ്യം. 200 മി.ലി. വേപ്പെണ്ണയിൽ; 500 മി.ലി. ചൂടുവെള്ളത്തിൽ 50 ഗ്രാം അലക്ക് സോപ്പ് ചീകിയിട്ട് അലിയിച്ചതും 200 ഗ്രാം വെളുത്തുള്ളി അരച്ച് അരിച്ചെടുത്ത സത്തുംകൂടി ചേർ ത്ത് നല്ലതുപോലെ സാവധാനത്തിൽ യോജിപ്പിച്ച് എടുക്കുന്ന മിശ്രിതത്തിൽ 9 ലിറ്റ ർ വെള്ളവും കൂടി ചേർ ത്ത് 10 ലിറ്റ ർ വേപ്പെണ്ണപയസ്യം 2% വീര്യത്തിൽ ലഭിക്കും. പച്ചത്തുള്ള ൻ എന്ന കീടത്തിനെതിരെ ഇലകളുടെ അടിഭാഗത്തായി തളിക്കാവുന്നതാണ്.


Venugopalan.H

9400228444

S.B.S.Olassery